(ഇ) സമ്മേളനം നടത്തിപ്പിന്റെ ചുമതല നോർക്ക വകുപ്പിന്റെ ഫീൽഡ് ഏജൻസിയായ റൂട്ട്സ് എൻ. ആർ.കെ. ഡെവലപ്മെന്റ് ഇനിഷ്യേറ്റീവ് എന്ന കമ്പനിയെയാണ് ഏല്പിച്ചിരുന്നത്. നടത്തിപ്പിന്റെ ചിലവുകൾക്കായി സർക്കാർ 5 ലക്ഷം രൂപ മുൻകൂറായി നൽകിയിട്ടുണ്ട്. വരവ് ചെലവുകൾ സംബന്ധിച്ച കണക്കുകൾ റൂട്ട്സിൽ നിന്നും ലഭിച്ചിട്ടില്ല.

(എഫ്) 2003 ജൂലൈ മാസം 12-13 തീയതികളിൽ തിരുവനന്തപുരത്ത് വച്ചാണ് ആദ്യത്തെ മറുനാടൻ മലയാളി സംഗമം സംഘടിപ്പിക്കപ്പെട്ടത്.

(ജി) സമ്മേളനത്തിനെതിരെ ചില സംഘടനകളുടെ ഭീഷണി മൂലമാണ് ബാഗ്ലൂരിൽ വച്ചു നടത്തുവാൻ തീരുമാനിച്ചിരുന്ന മറുനാടൻ മലയാളി സമ്മേളനം ഉപേക്ഷിച്ചത്. ഇതിന്റെ പ്രാരംഭ ചിലവുകൾക്കായി 1,45,670 രൂപ ചിലവായിട്ടുണ്ട്.

(എച്ച്) അവിചാരിത കാരണങ്ങളാൽ അവസാന നിമിഷം മാറ്റിവയ്ക്കപ്പെട്ട ഈ സമ്മേളനത്തിന് ചിലവായ തുക ഒരു പാഴ് ചെലവായി കരുതുന്നില്ല. സ്പോൺസർഷിപ്പും സംഭാവനയുമായും ലഭിച്ച തുക മുഴുവൻ മടക്കി നൽകിയിട്ടുണ്ട്.

മറുനാടൻ മലയാളി സമ്മേളനം

147 (4430) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് ഈയിടെ സംഘടിപ്പിച്ച മറുനാടൻ മലയാളി സമ്മേളനത്തിൽ എത്ര നഗരങ്ങളിൽ നിന്നും മറുനാടൻ പ്രതിനിധികൾ എത്തിയിരുന്നുവെന്നറിയിക്കുമോ ;

(ബി) സമ്മേളനം പരിപാടിയുടെ ഫലമായുണ്ടായ പ്രധാനനേട്ടങ്ങൾ എന്തെല്ലാമാണ് ;

(സി) മറുനാടൻ മലയാളികൾക്ക് ഭാഷ ന്യൂനപക്ഷ പദവിയും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കുട്ടികൾക്ക് ആനുകൂല്യങ്ങളും ഉറപ്പാക്കാൻ നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ) തമിഴ്നാട്, ആന്റമാൻ-നിക്കോബാർ, കർണ്ണാടക, ആന്ധ്രാപ്രദേശ്, നാഗാലാന്റ്, സിക്കിം, മഹാരാഷ്ട്ര, ഛത്തിസ്ഗഢ്, ഗുജറാത്ത്, ഡൽഹി, പശ്ചിമ ബംഗാൾ എന്നീ സംസ്ഥാനങ്ങളിൽനിന്നും മറുനാടൻ മലയാളി പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുത്തിരുന്നു.

(ബി) മറുനാടൻ മലയാളികൾക്ക് നേരിടേണ്ടിവരുന്ന പ്രശ്നങ്ങളെ കുറിച്ച് മനസ്സിലാക്കുവാനും പ്രശ്ന പരിഹാര മാർഗ്ഗങ്ങൾ ചർച്ച ചെയ്യുവാനും മറുനാടൻ മലയാളികൾക്കായി 16 ഇന കർമ്മപരിപാടിക്ക് രൂപ നൽകുവാനും സമ്മേളനം ഉപകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇക്കാര്യത്തിൽ നടപടി സ്വീകരിക്കേണ്ടത് അതാത് സംസ്ഥാന സർക്കാരുകളാണ്. മലയാളികൾക്ക് ന്യൂനപക്ഷ പദവി ലഭിക്കാൻ അർഹതയുള്ള സംസ്ഥാനങ്ങൾ ഏതൊക്കെയാണ് എന്ന് കണ്ടുപിടിക്കുന്നതിന് മറുനാടൻ മലയാളികളെക്കുറിച്ചുള്ള ഒരു സമഗ്ര സർവ്വെ നടത്തി ഒരു സ്ഥിതി വിവരകണക്ക് തയ്യാറാക്കേണ്ടതുണ്ട്.

പ്രൊഫഷണൽ കോഴ്സുകൾക്കുള്ള എൻട്രൻസ് പരീക്ഷകൾ

148 (4431) ശ്രീ. എ. കെ. മണി :
ശ്രീമതി മേഴ്സി രവി :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രൊഫഷണൽ കോഴ്സുകൾക്കുള്ള എൻട്രൻസ് പരീക്ഷകൾ മലയാളികൾ കൂടുതൽ താമസിക്കുന്ന നഗരങ്ങളിലും വച്ച് നടത്തുവാൻ നോർക്കയ്ക്ക് പരിപാടിയുണ്ടോ :

(ബി) ഇത്തരം പരീക്ഷാ കേന്ദ്രങ്ങൾ വിദേശത്തും ഉണ്ടാകുമോയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പ്രൊഫഷണൽ കോഴ്സുകൾക്കുള്ള ഒരു പരീക്ഷാകേന്ദ്രം 2003 മുതൽ ന്യൂഡൽഹിയിൽ അനുവദിച്ചിട്ടുണ്ട്. 2003 ജൂലൈ 12, 13 തീയതികളിൽ നടന്ന മറുനാടൻ മലയാളി സംഗമത്തിൽ രൂപംകൊണ്ട കർമ്മ പരിപാടിയിൽ ഈ നിർദ്ദേശം ഉൾക്കൊള്ളിച്ചിട്ടുമുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

വിദേശത്ത് വീട്ടുജോലികൾക്കായി പോയി മടങ്ങിവരുന്ന സ്ത്രീകൾക്ക് പെൻഷൻ പദ്ധതി

149(4432) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വീട്ടുജോലികൾക്കായി വിദേശത്ത് പോകുന്ന സ്ത്രീകൾ വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുന്നവരും നാട്ടിലെത്തിയാൽ കടുത്ത അവഗണന അനുഭവിക്കുന്നവരുമാണെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(ബി) ഇവർ ജോലി മതിയാക്കി തിരികെ വരുമ്പോൾ ഒരു പ്രതിമാസ പെൻഷൻ ലഭ്യമാക്കുന്ന തരത്തിൽ അവരുടെ കയ്യിൽ നിന്നും കുടി ധനസമാഹരണം നടത്തിക്കൊണ്ട് ഒരു പെൻഷൻ പദ്ധതി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly